# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8192 17/07/2014 ൽ മറുപടിയ്ക്ക്

## എം.എൽ.എ യുടെ മണ്ഡലം ആസ്തിവികസന ഫണ്ടുപയോഗിച്ച് മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | മറുപടി<br>ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
|---|---|
| (എ) മലപ്പുറം മണ്ഡലത്തിൽ എം.എൽ.എ യുടെ 2013-14 വർഷത്തെ മണ്ഡലം ആസ്തി വികസനഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ; | (എ) മലപ്പുറം മണ്ഡലത്തിൽ എം.എൽ.എ യുടെ 2013 -14 വർഷത്തെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു.<br>1. കോഡൂർ പഞ്ചായത്തിലെ പെരിങ്ങോട്ടുപുലം പൂക്കാട് കുടിവെള്ള പദ്ധതി<br>2. കോഡൂർ പഞ്ചായത്തിലെ ചട്ടിപ്പറമ്പ് തണ്ണീർചോല കുടിവെള്ള പദ്ധതി<br>3. പുൽപ്പറ്റ പഞ്ചായത്തിലെ കല്ലിടുമ്പ് കുടിവെള്ള പദ്ധതി<br>4. കോഡൂർ പഞ്ചായത്തിലെ കാലാംപറമ്പ് കുടിവെള്ള പദ്ധതി |
| (ബി) 20/06/2013 ന് പദ്ധതിയുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും നാളിതുവരെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) 1. പെരിങ്ങോട്ടുപുലം കുടിവെള്ള പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് 44 ലക്ഷം രൂപ ചെലവിൽ പൂർണ്ണ രീതിയിൽ വിഭാവനം ചെയ്ത് തയ്യാറാക്കിയിരുന്നവെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ യുടെ കത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>2. ചട്ടിപ്പറമ്പ് തണ്ണീർചോല കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് നിലവിൽ ജില്ലാപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കിണറാണ്. സ്രോതസ്സിൽ ജലലഭ്യത ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി ഭൂജലവകുപ്പുമായി പഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ടിട്ടുള്ളതായി അറിയുന്നു.<br>3. കല്ലിടുമ്പ് കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (25 ലക്ഷം രൂപയുടെ) ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്.<br>4. കോഡൂർ പഞ്ചായത്തിലെ കാലാംപറമ്പ് കുടിവെള്ള പദ്ധതിക്ക് 28/05/2014 ന് ഗവൺമെന്റിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഓരോ പദ്ധതിയിലും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (സി) 1. പെരിങ്ങോട്ടുപുലം കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരുന്നു.<br>2. ചട്ടിപ്പറമ്പ് തണ്ണീർചോല കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് സ്രോതസ്സിന്റെ ജലലഭ്യത അനുസരിച്ച് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>3. കല്ലിട്ടുമ്പ് പദ്ധതിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.<br>4. കോഡൂർ പഞ്ചായത്തിലെ കാലാംപറമ്പ് കുടിവെള്ള പദ്ധതിക്ക് 28/05/2014 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) സാങ്കേതിക തടസ്സങ്ങൾ മൂലം കുടിവെള്ള പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ബുദ്ധിമുട്ടുണ്ടെങ്കിൽ വിവരം എം.എൽ.എ യെ അറിയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (ഡി) കാലാംപറമ്പ് കുടിവെള്ള പദ്ധതിക്ക് ഒരു കോടി രൂപയുടെ എ.എസ് നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മഴ പെയ്തതിനാൽ പുഴയിൽ നീരൊഴുക്ക് വർദ്ധിച്ച അവസ്ഥയിലാണ്. ഇപ്പോൾ കിണറിന്റെ ബോർഹോളിന്റെ വിശദാംശങ്ങൾ എടുക്കാൻ കഴിയുകയില്ല. അതിനാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാനും കഴിഞ്ഞിട്ടില്ല. പുഴയിൽ നീരൊഴുക്ക് കുറഞ്ഞാൽ ഉടൻതന്നെ ബോർഹോൾ വിശദാംശം എടുത്ത് മണ്ണ് പരിശോധന റിപ്പോർട്ട് തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് എടുക്കുന്നതാണ്.<br>ഈ ബുദ്ധിമുട്ടുകൾ ബഹു.എം.എൽ.എ യെ അറിയിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബഹു.എം.എൽ.എ യെ അറിയിക്കുന്നതാണ്. |
| (ഇ) 2013-14 വർഷത്തെ ആസ്തിഫണ്ടിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ